പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3245 21.08.2017-ലെ മറുപടിക്ക്

## ബസ്സ് ബോഡി നിർമ്മാണം പൂർത്തിയാക്കി രജിസ്ട്രേഷൻ ലഭ്യമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.പി.കെ. ശശി

**ഉത്തരം**

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

(എ) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യ്ക്കും കെ.യു.ആർ.ടി.സി.യ്ക്കുമായി എത്ര ബസ്സുകൾ നിരത്തിലോടുന്നവയും കണ്ടംചെയ്തവയുമായി നിലവിലുണ്ടായിരുന്നു എന്ന് ടാറ്റ, ലെയിലാൻഡ്, സ്കാനിയ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കാമോ; കൂടാതെ, ബോഡി നിർമ്മാണം നടത്താനായി വാങ്ങിയ ഷാസികൾ എത്രയുണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ;

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ 5759 ബസുകളും കെ.യു.ആർ.ടി.സി.യുടെ കീഴിൽ 603 ബസുകളും ഉണ്ടായിരുന്നു. കൂടാതെ 300 ബസുകൾ കണ്ടം ചെയ്തവയുമായി വർക്ക് ഷോപ്പുകളിൽ ഉണ്ടായിരുന്നു.

24/05/2016-ലെ കെ.എസ്.ആർ.ടി.സി. ബസുകളുടെ വിവരം

| ഇനം | ബസുകൾ |
|---|---|
| ലൈലാന്റ് | 3588 |
| ടാറ്റാ | 2111 |
| ഐഷർ | 29 |
| വോൾവോ | 13 |
| സ്കാനിയ | 18 |
| ആകെ | 5759 |

24/05/2016-ലെ കെ.യു.ആർ.ടി.സി. ബസുകളുടെ വിവരം

| ഇനം | ബസുകൾ |
|---|---|
| ലൈലാന്റ് | 316 |
| ടാറ്റാ | 97 |
| വോൾവോ | 190 |
| ആകെ | 603 |

മുൻ സർക്കാർ വാങ്ങിയ 1500 ഷാസികളിൽ അധികാരമൊഴിയുമ്പോൾ 581 എണ്ണം ബോഡി നിർമ്മാണത്തിനായി അവശേഷിച്ചിട്ടുണ്ടായിരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്നശേഷം എത്ര ഷാസികളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കാനുള്ളവ എത്രയെന്നും അറിയിക്കുമോ; | (ബി) | ഈ സർക്കാർ വന്നശേഷം അവശേഷിച്ചിരുന്ന 581 ഷാസികളിലും ബോഡി നിർമ്മാണം 2017 മാർച്ച് 31-ന മുമ്പായി പൂർത്തികരിച്ചിട്ടുണ്ട്. |
| (സി) | മുൻസർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികൾ ബി.എസ്.-4 നിലവാരമില്ലാത്തതുകാരണം ബോഡി നിർമ്മിച്ചിട്ടും രജിസ്ട്രേഷൻ നടപടികൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഷാസികൾ മുഴവനും ബോഡി നിർമ്മാണം നടത്തി രജിസ്ട്രേഷൻ ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | ബി എസ്-4 എൻജിനുകൾ ഉപയോഗിക്കാത്തതിനാൽ കെ.എസ്.ആർ.ടി.സി.യുടെ ബസുകൾ നിരത്തിലിറക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ 01/01/2017 മുതൽ AIS 052 ബസ് ബോഡി കോഡ് നടപ്പിലാക്കിയതിനാൽ AIS 052 ബസ് ബോഡി കോഡ് പ്രകാരമല്ലാത്ത ബോഡി നിർമ്മിച്ച ബസുകളുടെ രജിസ്ട്രേഷന് കാലതാമസം വന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ AIS 052 ബസ് ബോഡി കോഡ് നടപ്പിൽ വരുത്തുന്നത് 2017 ജൂൺ 30 വരെ നീട്ടിവച്ചതിനാൽ മുഴവൻ ബസുകളും 2017 മാർച്ച് 31-ന മുമ്പ് നിർമ്മിച്ച് രജിസ്റ്റ്രേഷൻ നടപടികൾ പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വാങ്ങുകയും യഥാസമയം ഷാസികളിൽ ബോഡി നിർമ്മാണം നടത്താനാകാതെ വന്നതിനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്.<br>ജീവനക്കാരുടെ അഭാവം മൂലമാണ് പ്രധാനമായും ബോഡി നിർമ്മാണത്തിൽ കാലതാമസ്സമുണ്ടായത്. എന്നിരുന്നാലും ശരാശരി 52 ബസുകൾ വീതം മാസം തോറും പുറത്തിറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ഷാസികളുടെ ബോഡി നിർമ്മാണം സ്ഥിരം-താൽക്കാലിക-എം.പാനൽ ജീവനക്കാരെ ഉൾപ്പെടുത്തി ഉടൻതന്നെ പൂർത്തീകരിച്ച് രജിസ്ട്രേഷൻ നടത്തുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യുടെ കൈവശമുണ്ടായിരുന്ന മുഴവൻ ഷാസികളിലും 2017 മാർച്ച് 31-ന മുമ്പ് ബോഡി നിർമ്മിച്ച് രജിസ്റ്റ്രേഷൻ നടപടികൾ പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**